88 (1054) കേരളത്തിലെ റെയിൽവേ വികസനം

ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന് ഒരു റെയിൽവേസോൺ, ഒരു ചീഫ് എൻജിനീയറുടെ ഓഫീസ് എന്നിവയ്ക്കുവേണ്ടി കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുമോ;

(ബി) പാലക്കാട്-കഞ്ചിക്കോട് ഒരു കോച്ചുഫാക്റ്ററിയും ഷൊർണ്ണൂരിൽ വാഗൺ ആന്റ് കോച്ച് റിപ്പെയറിംഗ് യൂണിറ്റും സ്ഥാപിക്കുവാൻ റെയിൽവേ വകുപ്പിനോട് ആവശ്യപ്പെടുമോ;

(സി) സംസ്ഥാനത്ത് റെയിൽവേ വികസനത്തിന് വേണ്ടി വിവിധ പ്രവൃത്തികൾ അവലോകനം ചെയ്യുവാൻ ഒരു കോ-ഓർഡിനേഷൻ കമ്മിറ്റി രൂപീകരിക്കുവാൻ സർക്കാർ മുൻകൈയെടുക്കുമോ?

ഉത്തരം

(എ) ഇക്കാര്യം ഇതിനു മുൻപ് കേന്ദ്രത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഇനിയും ഇക്കാര്യത്തിൽ സമ്മർദ്ദം ചെലുത്തുന്നതാണ്.

(ബി) ആവശ്യപ്പെടുന്നതാണ്.

(സി) ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

89(1055) തീവണ്ടികൾ റദ്ദു ചെയ്തതുമൂലമുള്ള അസൗകര്യം പരിഹരിക്കാൻ നടപടി

ശ്രീ.എം.വി ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീവണ്ടിപ്പാത ഇരട്ടിപ്പിക്കൽ നടപടിയുടെ ഭാഗമായി ജൂലൈ ഒന്നു മുതൽ ചില വണ്ടികളുടെ യാത്ര വെട്ടിക്കുറയ്ക്കാൻ തീരുമാനിച്ചിട്ടുള്ള വിവരം സർക്കാരിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(ബി) എങ്കിൽ അതുമൂലം ജനങ്ങൾക്ക് ഉണ്ടാകുന്ന അസൗകര്യം പരിഹരിക്കുവാൻ സർക്കാർ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദീകരിക്കുമോ;

(സി) കേരളത്തിലെ വർദ്ധിച്ച യാത്രാക്ലേശം പരിഗണിച്ച് ഇക്കാര്യം കേന്ദ്രഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പരശുറാം എക്സ്പ്രസ്സ്, കണ്ണൂരിലും, കോയമ്പത്തൂർ-മംഗലാപുരം ഫാസ്റ്റ് പാസഞ്ചർ ട്രെയിൻ കോഴിക്കോട്ടും വച്ച് നിറുത്താൻ തീരുമാനിച്ചതോടുകൂടി ഉണ്ടാകുന്ന ബുദ്ധിമുട്ട് ഒഴിവാക്കാൻ, ഈ സ്ഥലങ്ങളിൽ കൂടുതൽ ബസ് സർവ്വീസുകൾ നടത്തുന്ന കാര്യം സർക്കാർ പരിശോധിച്ചു വരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly